## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *406 | 26.06.2014-ൽ മറുപടിയ്ക്ക്

## ടോൾ പിരിവിന് പുതിയ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>,, റ്റി.എ.അഹമ്മദ് കബീർ<br>,, കെ.എൻ.എ.ഖാദർ<br>,, വി.എം.ഉമ്മർ മാസ്റ്റർ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡ്,പാലം എന്നിവയിലെ ടോൾ പിരിവ് സംവിധാനം പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഇലക്ട്രോണിക് ടോൾ കളക്ഷൻ (ETC) നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) ടോൾ പിരിവ് ലേലം ചെയ്ത് നൽകുന്നതുമൂലം ഖജനാവിനുണ്ടാകുന്ന നഷ്ടവും ദീർഘകാലം ടോൾ നൽകേണ്ടി വരുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന നഷ്ടവും പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ഇതേക്കുറിച്ച് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ ;<br><br>(സി) ടോൾ പിരിവ്, നിർമ്മാണ ചെലവുമായി ബന്ധപ്പെടുത്തിയാണെങ്കിൽ അതുസംബന്ധിച്ച് വിശദവിവരം വ്യക്തമാക്കുമോ ? | **(ബി)&(സി):**<br><br>ടോൾ പിരിക്കുന്നതിനായി മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും, അതിൽ കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തിക്കോ/ സ്ഥാപനത്തിനോ അതിനുള്ള ചുമതല നൽകുകയും ചെയ്യുന്നതിനാൽ ഖജനാവിനോ, പൊതുജനങ്ങൾക്കോ നഷ്ടം ഉണ്ടാകുന്നില്ല. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നത് കേരള ടോൾസ് ആക്ട്, 1976 (6 of 1977) ലേയും, കേരള ടോൾസ് ലെവി റൂൾസ്, 1983 ലേയും വ്യവസ്ഥകൾ അനുസരിച്ചാണ്. പാലം നിർമ്മാണത്തിന് ചെലവായ തുക (9% പലിശ നിരക്ക് ഉൾപ്പെടെ) പിരിഞ്ഞു കിട്ടുന്നതുവരെ അല്ലെങ്കിൽ 15 വർഷം വരെ (10 കോടി രൂപ വരെ നിർമ്മാണച്ചെലവാണെങ്കിൽ)/ 20 വർഷം വരെ (10 കോടി രൂപയിൽ കൂടുതൽ നിർമ്മാണ ചെലവാണെങ്കിൽ) ഇതിൽ ഏതാണോ ആദ്യം പൂർത്തീകരിക്കപ്പെടുന്നത് അതുവരെ പാലങ്ങളിൽ നിന്നും ടോൾ പിരിക്കേണ്ടിവരും. നിലവിൽ 5 കോടി രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവുള്ള പാലങ്ങളിൽ നിന്നാണ് ടോൾ പിരിക്കുന്നത്. ദേശീയപാതയിലെ പാലങ്ങളിൽ നിന്നും ടോൾ പിരിക്കുന്നത് കേന്ദ്ര നിയമമനുസരിച്ചാണ്. ആർ.ബി.ഡി.സി.കെ. (Roads & Bridges Development Corporation of Kerala Limited) നിർമ്മിക്കുന്ന പാലങ്ങളിൽ നിന്നും കേരള റോഡ് ഫണ്ട് ആക്ട്, 2001 (10 of 2001) പ്രകാരം നിർമ്മാണച്ചെലവ് പരിഗണിക്കാതെ 15 വർഷത്തേയ്ക്കാണ് ടോൾ പിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ